# ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**[ഹാജർ: അബുൽകലാം.എം]**

വിഷയം: തൊഴിൽ വകുപ്പ് - ഭരണനിർവ്വഹണം -ഹെഡ് ക്ലാർക്ക്/ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

വായന:
1. ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പരായുള്ള 25.05.2021 തീയതിയിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്.
2. ഈ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05/05/2021 തീയതിയിലെ ഇ(2)/19634/2016-ഠം നമ്പർ കത്ത്
3. കാസർകോഡ് ജില്ലാ ലേബർ ഓഫീസറുടെ 26.05.2021 ലെ എ.ഇ./1181/2020 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ. ഇ(2) 5175/2018 തിരുവനന്തപുരം, തീയതി: 27.05.2021**

വായന (1) ഉത്തരവ് പ്രകാരം തൊഴിൽ വകുപ്പിലെ കാസർഗോഡ് ജില്ലാ ലേബർ ഓഫീസിലെ ഹെഡ് ക്ലാർക്ക് ശ്രീ.എം.റ്റി.പി.റിയാസിന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകുകയും വായന (3) പ്രകാരം ടിയാനെ 26.05.2021 അപരാഹ്നത്തിൽ പ്രസ്തുത കാര്യാലയത്തിലെ ഹെഡ്ക്ലാർക്ക് തസ്തികയിലെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ്. അപ്രകാരം കാസർഗോഡ് ജില്ലാ ലേബർ ഓഫീസിൽ ഹെഡ് ക്ലാർക്കിന്റെ ഒരു ഒഴിവ് നിലവിലുണ്ട്. നിലവിൽ പത്തനംതിട്ട ജില്ലാ ലേബർ ഓഫീസിലും വയനാട് ജില്ലാ ലേബർ ഓഫീസിലും ഹെഡ് ക്ലാർക്ക് തസ്തികയിൽ ഓരോ ഒഴിവുകൾ വീതം ഉണ്ട്.

2. മേൽ ഒഴിവുകളിലേക്ക് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾ 28 (ബി)(ii) പ്രകാരം 39300-83000 ശമ്പളസ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ റഗുലർ ബേസിൽ സ്ഥാനക്കയറ്റം നൽകി താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

| സ്ഥാനക്കയറ്റം | | | |
|---|---|---|---|
| ക്രമം നം. | പേര്, തസ്തിക | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് | കുറിപ്പ് |
| 1 | ശ്രീ.സുബാഷ്.എം.യു, സീനിയർ ക്ലാർക്ക്, (പെൻ:485213) ലേബർ കോടതി, എറണാകുളം. | ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, കാസർഗോഡ് | കാസർഗോഡ് ജില്ലാ ലേബർ ഓഫീസിലെ ഹെഡ്ക്ലാർക്കായ ശ്രീ.എം.ടി.പി.റിയാസിന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയത് വഴിയുണ്ടായ ഒഴിവിൽ ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

| | | | |
|---|---|---|---|
| 2 | ശ്രീ.മനോജ്.കെ.ജി, സീനിയർ ക്ലാർക്ക്, (പെൻ:512713) ജില്ലാ ലേബർ ഓഫീസ്, തൃശ്ശൂർ. | ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, വയനാട് | വയനാട് ജില്ലാ ലേബർ ഓഫീസിലെ ഹെഡ്ക്ലാർക്കായിരുന്ന ശ്രീ.അനിൽകുമാർ കെ.കെ ക്ക് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |
| 3 | ശ്രീമതി.ചന്ദന.പി.എസ്, (പെൻ:509395) സീനിയർ ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, തൃശ്ശൂർ. | ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, പത്തനംതിട്ട. | പത്തനംതിട്ട ജില്ലാ ലേബർ ഓഫീസിലെ ഹെഡ്ക്ലാർക്കായിരുന്ന ശ്രീ.ജീസസ് വിൻ ജോൺസണിന് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

3. മേൽപ്പറഞ്ഞ സ്ഥാനക്കയറ്റ ഉത്തരവ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും വായന(2) പ്രകാരം സർക്കാരിന് അയച്ച കത്തിൻമേൽ സർക്കാരിന്റെ മറുപടി/ഉത്തരവിനനുസരിച്ച് ആവശ്യമെങ്കിൽ ഭേദഗതി വരുത്തുന്നതും ഇപ്രകാരം പ്രൊമോഷൻ നൽകുന്ന ഉദ്യോഗസ്ഥരെ പ്രമോഷന് മുൻപുണ്ടായിരുന്ന തസ്തികയിലേക്ക് റിവർട്ട് ചെയ്യുന്നതുമാണ്.

4. നിയന്ത്രണാധികാരികൾ ഈ ഉത്തരവ് അടിയന്തരമായി നടപ്പിലാക്കി ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി ഉത്തരവ് സംബന്ധിച്ച് സർവ്വീസ് പുസ്തകത്തിലും സ്പാർക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ്)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**ബന്ധപ്പെട്ടവർക്ക് (വെബ്സൈറ്റ് മുഖാന്തിരം)**

പകർപ്പ്:-

1) പി.എ റ്റു ലേബർ കമ്മീഷണർ
2) പ്രീസൈഡിംഗ് ഓഫീസർ, ലേബർ കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
3) അഡീഷണൽ ലേബർ കമ്മീഷണർ(ഡബ്ല്യു/ഇ/ഐ.ആർ)
4) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം, എറണാകുളം, കോഴിക്കോട്
5) ജില്ലാ ലേബർ ഓഫീസർ, പത്തനംതിട്ട, തൃശ്ശൂർ, വയനാട്, കാസർഗോഡ്.
6) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
7) സീനിയർ സൂപ്രണ്ട് (ഇ)
8) ജൂനിയർ സൂപ്രണ്ട്(പി), (ഐ.ടി, ഇ)
9) ഫയൽ/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

**സീനിയർ സൂപ്രണ്ട് (ഇ)**

എസ്.ടി